"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്ത വാഹനങ്ങൾ വിറ്റ് പോകാത്ത സാഹചര്യത്തിൽ പ്രതിമാസ അടിസ്ഥാനത്തിൽ പ്രസ്തുത വാഹനങ്ങൾ മാനുവൽ ലേലം ശിപാർശ ചെയ്യുന്നതിന് സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.524/2025/TAXES തീയതി,തിരുവനന്തപുരം, 05-06-2025**

പരാമർശം:- 1. സ.ഉ.(കൈ)നം. 202/2022/ധന തീയതി 14.11.2022.

2. എക്സൈസ് കമ്മീഷണറുടെ 22.02.2025-ലെ ഇ.എക്സ്.സി/2348/2019-എക്സ്.എ5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈൻ ആയി വാഹനങ്ങൾ രണ്ട് പ്രാവശ്യം ലേലത്തിന് വച്ച ശേഷവും ആ തുകയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാതെ വന്നാൽ അത്തരം വാഹനങ്ങളെ പ്രസ്തുത സർക്കുലർ പ്രകാരം അപ്സെറ്റ് വിലയുടെ 50% കുറയ്ക്കുന്നതിനുമുൻപ് ഒരു പ്രാവശ്യം MSTC platform വഴിയല്ലാതെ നേരിട്ട് പൊതുലേലത്തിൽ വില്പന നടത്തുന്നതിനും തുടർന്ന്, ടി പൊതുലേലത്തിലും വില്പനയിൽ പോകാത്ത വാഹനങ്ങൾ കമ്പോളവിലയുടെ 50% കുറച്ച് MSTC പ്ലാറ്റ്ഫോം വഴി ഓൺലൈൻ വില്പന നടത്തുന്നതിനും ഇപ്രകാരം രണ്ട് പ്രാവശ്യം വിറ്റുപോകാത്ത വാഹനങ്ങൾ ഒരു പ്രാവശ്യം വീണ്ടും പൊതുലേലത്തിൽ വില്പന നടത്തുന്നതിനുള്ള അനുമതി നൽകുന്നതിനായി പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. MSTC വഴി വാഹനങ്ങൾ വിൽപന നടത്താൻ ശ്രമിക്കുമ്പോൾ വാങ്ങാനുള്ള ആളുകളുടെ എണ്ണം കുറവായതിനാൽ വാഹനങ്ങൾ സമയബന്ധിതമായി വിറ്റ് പോകുന്നില്ല എന്ന് പൊതുവെ പരാതി റിപ്പോർട്ട് ചെയ്ത് വരുന്നതിനാലും, എക്സൈസ് വകുപ്പിൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ വിൽപന ചെയ്യുന്ന കാര്യത്തിൽ MSTC വഴി നടത്തുന്ന ലേലങ്ങൾ ഫലപ്രദമാകുന്നില്ല എന്ന സാഹചര്യം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ഈ സാഹചര്യം ഒഴിവാക്കി വാഹനങ്ങൾ സമയബന്ധിതമായി വിൽപന നടത്തേണ്ടത് കൂടുതൽ സർക്കാർ റവന്യൂ മുതൽക്കൂട്ടുന്നതിനും പരിസര ശുചീകരണത്തിനും വളരെ അത്യാവശ്യമായ സംഗതിയാണെന്ന് കാണുന്നു.

**3.** മേൽസാഹചര്യത്തിൽ, MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്ത വാഹനങ്ങൾ വിറ്റു പോകാത്ത സാഹചര്യത്തിൽ പ്രതിമാസ അടിസ്ഥാനത്തിൽ പ്രസ്തുത വാഹനങ്ങൾ മാനുവൽ ലേലം ചെയ്യുന്നതിനുള്ള ശിപാർശ, വാഹനങ്ങളുടെ വിശദവിവരങ്ങൾ, upset value, MSTC auction-ൽ quote ചെയ്യപ്പെട്ട തുക എന്നിവ സഹിതം പ്രസ്തുത വാഹനങ്ങളുടെ മാനുവൽ ലേലം ശിപാർശ ചെയ്യുന്നതിന് ചുവടെ പറയും പ്രകാരം സമിതി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. എക്സൈസ് കമ്മീഷണർ - കൺവീനർ
2. എക്സിക്യൂട്ടീവ് എൻജിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പൊതുമരാമത്തു വകുപ്പ് (മെക്കാനിക്കൽ) - മെമ്പർ
3. ധനകാര്യ വകുപ്പിന്റെ പ്രതിനിധി - മെമ്പർ
4. ജോയിന്റ് സെക്രട്ടറി, നികുതി (എക്സൈസ്) വകുപ്പ് - മെമ്പർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. ചീഫ് എൻജിനീയർ, പൊതുമരാമത്ത്(മെക്കാനിക്കൽ) വകുപ്പ്, തിരുവനന്തപുരം.
3. പൊതുമരാമത്തു വകുപ്പ്
4. ധനകാര്യ വകുപ്പ് (EXP-B1/193/2025-FIN dated 08-05-2025 പ്രകാരം).
5. ജോയിന്റ് സെക്രട്ടറി,നികുതി (എക്സൈസ്) വകുപ്പ്.
6. വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.(F3/51/2025/TAXES)

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 05-06-2025 11:50:27
സെക്ഷൻ ഓഫീസർ